## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 410** — **20-03-2025 - ൽ മറുപടിയ്ക്ക്**

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട മികച്ച പ്രൊഫഷനലുകളെ സൃഷ്ടിക്കുന്നതിന് കിറ്റ്സിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കേണ്ടതിന്റ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് യാത്രകളെ അവിസ്മരണീയമായ അനുഭവമാക്കുവാൻ വിനോദസഞ്ചാര മേഖലയിലെ മികച്ച പ്രൊഫഷണലുകളുടെ സേവനം ഒരു അത്യന്താപേക്ഷിത ഘടകമാണ്. വിനോദസഞ്ചാര മേഖലയിലെ വിവിധ തലങ്ങളിൽ നവീനാശയങ്ങളുൾക്കൊള്ളുന്ന പരിശീലനവും പ്രാവീണ്യവും ലഭിച്ച മാനവ വിഭവശേഷി രൂപപ്പെടുത്തി എടുക്കുന്നതിന് ആവശ്യമായ ഗവേഷണങ്ങളും പരിശീലനങ്ങളും പ്രാദേശിക പദ്ധതികളും കിറ്റ്സിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കിറ്റ്സിനെ സെന്റർ ഫോർ എക്സലൻസ് ആയി മാറ്റുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.<br><br>മാനവശേഷി വികസനത്തിനായി ടൂറിസത്തിന്റെ വിവിധ മേഖലകളിൽ കോഴ്സുകൾ നടത്തുന്നതോടൊപ്പം ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമായ നൈപുണ്യ വികസന പരിശീലന പരിപാടികൾ, ഈ മേഖലയുടെ വികസനത്തിനാവശ്യമായ പഠനങ്ങൾ, ഗവേഷണ പരിപാടികൾ, സെമിനാറുകൾ, കൺസൾട്ടൻസി പ്രവർത്തനങ്ങൾ എന്നിവയും കിറ്റ്സിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടത്തി വരുന്നു. ഇന്ത്യയിലും, വിദേശത്തും ഉള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് അക്കാദമിക് കൊളാബറേഷനുകളിലൂടെയുള്ള പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു. ടൂറിസം പഠനത്തിനും ഗവേഷണത്തിനും, അറിവിനും പ്രയോജനപ്പെടുന്ന ജേണലുകൾ, ന്യൂസ് ലെറ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിലൂടെയും വിനോദസഞ്ചാര മേഖലയിൽ കാലഘട്ടത്തിന്റെ |

| | | | |
|---|---|---|---|
| | | | ആവശ്യകതയ്ക്കനുസരിച്ച് മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കാൻ കിറ്റ്സിന് സാധിക്കുന്നുണ്ട്.<br><br>കിറ്റ്സ് മുഖേന വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ടി ആവശ്യാനുസരണം ഗവേഷണ പ്രോജക്ടുകളും കൺസൾട്ടൻസി കൃത്യങ്ങളും നിർവ്വഹിച്ചു വരുന്നു. കിറ്റ്സിനെ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു അംഗീകൃത റിസർച്ച് സെന്ററാക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്.<br><br>വിനോദസഞ്ചാര മേഖലയിലെ ഗൈഡുകൾക്കുള്ള പരിശീലനം, ഹോം സ്റ്റേ സംരംഭകർക്കുള്ള പരിശീലനം വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും, സ്ത്രീകൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും എന്നിവയും കിറ്റ്സ് മുഖേന നടത്തിവരുന്നുണ്ട്. |
| (ബി) | കിറ്റ്സിന്റെ വിവിധ കോഴ്സുകളെ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ടൂറിസത്തിലും ഹോസ്പിറ്റാലിറ്റിയിലും നൂതനവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ പരിപാടികളും കോഴ്സുകളും ആരംഭിക്കുന്നതിനായി 2024 ഒക്ടോബർ 25 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) യുമായി ഒരു ധാരണാപത്രം (MoU) ഒപ്പു വച്ചിട്ടുണ്ട്. ഈ ധാരണാ പത്രം അനുസരിച്ച് കിറ്റ്സിന്റെ വിവിധ കോഴ്സുകൾ സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തുന്നതിനായി കിറ്റ്സിലെ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ ടെക്നോളജിയിൽ 'Add on' കോഴ്സുകൾ നടത്തുന്നതിനായി സഹകരിക്കാൻ ധാരണയായിട്ടുണ്ട്. കൂടാതെ കേരള ടൂറിസത്തിനുതകുന്ന വിവര സാങ്കേതിക വിദ്യയിലൂന്നിയ പ്രൊജെക്ടുകളും നടപ്പിലാക്കുന്നതിനു ശ്രമം തുടങ്ങിയിട്ടുണ്ട്. ടൂറിസം വ്യവസായത്തിലെ പ്രൊഫഷണലുകൾക്കും മറ്റു ജീവനക്കാർക്കും നൈപുണ്യ വികസനത്തിന് ആവശ്യമായ പരിശീലന പരിപാടികളും ഇതുവഴി നടത്തുവാനാകും. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ ലാൻഡ്സ്കേപ്പിനെ നാവിഗേറ്റ് ചെയ്യുന്നതിന് വിദ്യാർത്ഥികൾ, വ്യവസായ പ്രൊഫഷണലുകൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ അത്യാധുനിക കഴിവുകൾ ഉപയോഗിച്ച് സജ്ജരാക്കുക എന്നതാണ് ഈ പങ്കാളിത്തത്തിന്റെ ലക്ഷ്യം. ലക്ഷ്യസ്ഥാന ഗവേഷണം, ബുക്കിംഗ്, യാത്രാ ആസൂത്രണം എന്നിവയ്ക്കായി വിനോദസഞ്ചാര മേഖല ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ, മത്സരക്ഷമത നിലനിർത്തുന്നതിന് ഈ സാങ്കേതിക |

| | | | |
|---|---|---|---|
| | | | പുരോഗതികളുമായി പൊരുത്തപ്പെടേണ്ടത് അത്യാവശ്യമായി മാറിയിരിക്കുന്നു. ഈ സഹകരണത്തിലൂടെ വാഗ്ദാനം ചെയ്യപ്പെടുന്ന പുതിയ കോഴ്സുകൾ പ്രധാന സാങ്കേതിക മേഖലകളിലെ ഉയർന്നുവരുന്ന തൊഴിൽ സാധ്യതകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും. ഇതിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), സൈബർ സുരക്ഷ, ഡാറ്റ അനലിറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ്, മാനേജ്മെന്റ് സിസ്റ്റംസ്, എന്നിവ ഉൾപ്പെടുന്നു.<br><br>കിറ്റ്സിലെ വിദ്യാർത്ഥികൾക്ക്, ഈ പ്രോഗ്രാമുകൾ മുഖേന അധിക സർട്ടിഫിക്കേഷനുകളോ ഡിപ്ലോമകളോ ലഭ്യമാകുകയും ഡിജിറ്റൽ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അവരുടെ ധാരണ വർദ്ധിപ്പിക്കുകയും അവരുടെ തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യും. ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ സാങ്കേതികവിദ്യാധിഷ്ഠിത മാനേജ്മെന്റിലുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ശേഷി വർദ്ധിപ്പിക്കുന്ന സംരംഭങ്ങളിൽ നിന്ന് ടൂറിസം വ്യവസായ പ്രൊഫഷണലുകൾക്ക് പ്രയോജനം ലഭിക്കും. ടൂറിസം വകുപ്പ്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി), മറ്റ് പൊതുമേഖലാ ഏജൻസികൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കായി സാങ്കേതിക ഉപകരണങ്ങളിലും സൈബർ സുരക്ഷാ നടപടികളിലും അവരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രത്യേക കോഴ്സുകളും ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. നൂതന ഡിജിറ്റൽ പരിഹാരങ്ങൾ ഉപയോഗിച്ച് ടൂറിസം പങ്കാളികളെ ശാക്തീകരിക്കുന്നതിലൂടെ, കേരള ടൂറിസം വ്യവസായത്തിന്റെ കാര്യക്ഷമതയും മെച്ചപ്പെടും. |
| (സി) | വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സർവകലാശാലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർണായകമായിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | ടൂറിസത്തിലും ഹോസ്പിറ്റാലിറ്റിയിലും നൂതനവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ പരിപാടികളും കോഴ്സുകളും ആരംഭിക്കുന്നതിനായി 2024 ഒക്ടോബർ 25 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) യുമായി ഒരു ധാരണാപത്രം (MoU) ഒപ്പു വച്ചിട്ടുണ്ട്. ഈ ധാരണാ പത്രം അനുസരിച്ച കിറ്റ്സിന്റെ വിവിധ കോഴ്സുകൾ സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തുന്നതിനായി കിറ്റ്സിലെ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ ടെക്നോളജിയിൽ 'Add on' കോഴ്സുകൾ നടത്തുന്നതിനായി സഹകരിക്കാൻ ധാരണയായിട്ടുണ്ട്. കൂടാതെ കേരള ടൂറിസത്തിനുതകുന്ന വിവര സാങ്കേതിക |

വിദ്യയിലൂന്നിയ പ്രൊജെക്ടുകളും നടപ്പിലാക്കുന്നതിനു ശ്രമം തുടങ്ങിയിട്ടുണ്ട്. ടൂറിസം വ്യവസായത്തിലെ പ്രൊഫഷണലുകൾക്കും മറ്റു ജീവനക്കാർക്കും നൈപുണ്യ വികസനത്തിന് ആവശ്യമായ പരിശീലന പരിപാടികളും ഇതുവഴി നടത്തുവാനാകും. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ ലാൻഡ്സ്കേപ്പിനെ നാവിഗേറ്റ് ചെയ്യുന്നതിന് വിദ്യാർത്ഥികൾ, വ്യവസായ പ്രൊഫഷണലുകൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ അത്യാധുനിക കഴിവുകൾ ഉപയോഗിച്ച് സജ്ജരാക്കുക എന്നതാണ് ഈ പങ്കാളിത്തത്തിന്റെ ലക്ഷ്യം. ലക്ഷ്യസ്ഥാന ഗവേഷണം, ബുക്കിംഗ്, യാത്രാ ആസൂത്രണം എന്നിവയ്ക്കായി വിനോദസഞ്ചാര മേഖല ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ, മത്സരക്ഷമത നിലനിർത്തുന്നതിന് ഈ സാങ്കേതിക പുരോഗതികളുമായി പൊരുത്തപ്പെടേണ്ടത് അത്യാവശ്യമായി മാറിയിരിക്കുന്നു. ഈ സഹകരണത്തിലൂടെ വാഗ്ദാനം ചെയ്യപ്പെടുന്ന പുതിയ കോഴ്സുകൾ പ്രധാന സാങ്കേതിക മേഖലകളിലെ ഉയർന്നുവരുന്ന തൊഴിൽ സാധ്യതകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും. ഇതിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), സൈബർ സുരക്ഷ, ഡാറ്റ അനലിറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ്, മാനേജ്മെന്റ് സിസ്റ്റംസ്, എന്നിവ ഉൾപ്പെടുന്നു.

കിറ്റ്സിലെ വിദ്യാർത്ഥികൾക്ക്, ഈ പ്രോഗ്രാമുകൾ മുഖേന അധിക സർട്ടിഫിക്കേഷനുകളോ ഡിപ്ലോമകളോ ലഭ്യമാകുകയും ഡിജിറ്റൽ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അവരുടെ ധാരണ വർദ്ധിപ്പിക്കുകയും അവരുടെ തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യും. ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ സാങ്കേതികവിദ്യാധിഷ്ഠിത മാനേജ്മെന്റിലുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ശേഷി വർദ്ധിപ്പിക്കുന്ന സംരംഭങ്ങളിൽ നിന്ന് ടൂറിസം വ്യവസായ പ്രൊഫഷണലുകൾക്ക് പ്രയോജനം ലഭിക്കും. ടൂറിസം വകുപ്പ്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി), മറ്റ് പൊതുമേഖലാ ഏജൻസികൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കായി സാങ്കേതിക ഉപകരണങ്ങളിലും സൈബർ സുരക്ഷാ നടപടികളിലും അവരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രത്യേക കോഴ്സുകളും ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. നൂതന ഡിജിറ്റൽ പരിഹാരങ്ങൾ ഉപയോഗിച്ച് ടൂറിസം പങ്കാളികളെ

| |
|---|
| ശാക്തീകരിക്കുന്നതിലൂടെ, കേരള ടൂറിസം വ്യവസായത്തിന്റെ കാര്യക്ഷമതയും മെച്ചപ്പെടും. |

സെക്ഷൻ ഓഫീസർ